പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2541 17.08.2017 ൽ മറുപടിയ്ക്ക്

ഡീ അഡിക്ഷൻ സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എക്സൈസ് വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് എല്ലാ ജില്ലകളിലും തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഡീ അഡിക്ഷൻ സെന്ററുകൾ ഏതൊക്കെ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (എ) | എക്സൈസ് വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് എല്ലാ ജില്ലകളിലും തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. |
| (ബി) | ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണവും എത്ര നാളിനകം ആരംഭിക്കുമെന്നും വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ ഭാഗമായുള്ള ധനസഹായത്തോടെ സർക്കാർ ആശുപത്രികളോട് ചേർന്ന് ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ 10 ജില്ലകളിലെ 10 ആശുപത്രികളിൽ ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (സി) | ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ദേശീയ നിലവാരത്തിലുള്ള ഡീ-അഡിക്ഷൻ സെന്ററിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയാണെന്നും എത്ര ഏക്കർ സ്ഥലമാണെന്നും വ്യക്തമാക്കുമോ? | (സി) | ആധുനിക സജ്ജീകരണങ്ങളോടുകൂടി ദേശീയ നിലവാരത്തിലുള്ള ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ